ICPS4(B)/1813/18

വനിതാ ശിശു വികസന വകുപ്പ്
ഐ.സി.പി.എസ്,
പൂജപ്പുര
തിരുവനന്തപുരം-695012
തീയതി:07/03/2018

## ടെണ്ടർ പരസ്യം

സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ സംസ്ഥാന ഘടകങ്ങളായ SPSU, SCPS, SARA എന്നിവയിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഉപയോഗത്തിനായി 01/04/2018 മുതൽ 31/03/2019 വരെയുള്ള കാലയളവിൽ കരാർ അടിസ്ഥാനത്തിൽ ഒരു A/C കാർ വാടകയ്ക്ക് നൽകുന്നതിന് താല്പര്യമുള്ള വാഹന ഉടമകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും, ഏജൻസികളിൽ നിന്നും ടെണ്ടറുകൾ ക്ഷണിക്കുന്നു. വാഹനത്തിന് 7 വർഷത്തിൽ കൂടുതൽ പഴക്കമുണ്ടാകരുത്. ടാക്സി പെർമിറ്റ് നിലവിലുണ്ടായിരിക്കണം. പ്രതിമാസം 2000 കി.മീ വരെ ഓടുന്നതിന് അനുവദിക്കാവുന്ന പരമാവധി തുക 25,000/- രൂപയാണ്. ഈ പരിധിയിൽ നിജപ്പെടുത്തി എത്ര രൂപയ്ക്ക് കരാർ ഏറ്റെടുക്കാനാവുമെന്നത് ടെണ്ടറിൽ കാണിക്കണം. 2000 കിലോ മീറ്ററിൽ കൂടുതൽ ഓടുന്ന പക്ഷം ഓരോ കിലോ മീറ്ററിനുമുള്ള നിരക്കും എത്രയെന്ന് ടെണ്ടറിൽ കാണിക്കേണ്ടതാണ്. (അത്യാവശ്യ ഘട്ടങ്ങളിൽ മറ്റ് ജില്ലകളിലേക്ക് യാത്ര ചെയ്യേണ്ടതായി വരും)

കരാർ ഉറപ്പിക്കുന്ന പക്ഷം കരാർ തുകയുടെ 1% TDS ഇനത്തിൽ വസൂലാക്കി കരാറുകാരന്റെ പാൻ അക്കൗണ്ടിൽ ഒടുക്കുന്നതാണ്.

ടെണ്ടർതുക - 3,00,000

നിരതദ്രവ്യം - 3,000 (1%)

ടെണ്ടർഫോറത്തിന്റെവില-600രൂപ+VAT (12%)=672

ഫോറംവിൽപ്പനഅവസാന തീയതി:20/03/2018

ടെണ്ടറുകൾസമർപ്പിക്കേണ്ടഅവസാനതീയതി:21/03/2018 2 മണി

ടെണ്ടർതുറക്കുന്നതീയതി:21/03/2018 ഉച്ചക്ക്ശേഷം 3 മണി

ടെണ്ടർ ഫോറത്തോടൊപ്പം വാഹനത്തിന്റെ ആർ.സി ബുക്ക്, ടാക്സി പെർമിറ്റ്, ഇൻഷുറൻസ്, പൊല്ലൂഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിക്കുന്ന പക്ഷം കരാർ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റും 200 രൂപയുടെ മുദ്രപ്പത്രത്തിൽ എഗ്രിമെന്റും വയ്ക്കേണ്ടതാണ്.

ടെണ്ടറുകൾ ഉള്ളടക്കം ചെയ്ത കവറിന് പുറത്ത് "വാഹനം കരാർ അടിസ്ഥാനത്തിൽ നൽകാനുള്ള ടെണ്ടർ" എന്ന് രേഖപ്പെടുത്തിയിരിക്കണം. ടെണ്ടറുകൾ സമർപ്പിക്കേണ്ട മേൽവിലാസം: വനിതാ ശിശു വികസന ഡയറക്ടർ, സംയോജിത ശിശു സംരക്ഷണ പദ്ധതി, വനിതാ ശിശു വികസന ഡയറക്ടറേറ്റ് (സെൻട്രൽ ജയിലിന് സമീപം), പൂജപ്പുര, തിരുവനന്തപുരം 695012.

കൂടുതൽ വിവരങ്ങൾ പൂജപ്പുരയിൽ പ്രവർത്തിക്കുന്ന ICPS ഓഫീസിൽ (0471-2342235) നിന്നും ലഭ്യമാണ്.

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM- 12
WOMEN & CHILD DEVELOPMENT DEPARTMENT

വനിതാ ശിശു വികസന ഡയറക്ടർക്ക് വേണ്ടി